പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 392

28.10.2019-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ | ശ്രീ.പി.തിലോത്തമൻ<br>(ഭക്ഷ്യവും, പൊതുവിതരണവും,<br>വകുപ്പ മന്ത്രി) |

## നെടുമങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് മണ്ഡലത്തിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br>(ബി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം നൽകാമോ? | (എ) & (ബി) ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം തുടങ്ങിയ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, അനർഹമായി എ.എ.വൈ, മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ചിരുന്ന 4815 കാർഡുടമകളെ കണ്ടെത്തുകയും പകരം അത്രയും തന്നെ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഇരിഞ്ചയത്തുള്ള സപ്ലൈകോയുടെ മാവേലി സ്റ്റോർ, കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യം ലഭിക്കുന്നതിനായി സൂപ്പർ മാർക്കറ്റായി ഉയർത്തുകയും പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.ഇതിനു പുറമെ വട്ടപ്പാറ സൂപ്പർ മാർക്കറ്റ് നവീകരിച്ച് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട് വലിയ മലയിൽ ഒരു മാവേലി സൂപ്പർ സ്റ്റോറും അയിരൂപ്പാറയിൽ ഒരു മാവേലി സ്റ്റോറും തുടങ്ങുന്ന കാര്യം പരിശോധിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ